DESPATCHED
On...9.6.2020
4.2.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1724(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 13225/എസ്.ഐ.സി–ജി 6/2019)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.ശ്രീകാന്ത്,
S/o മുരുകൻ, ദേവനിവാസ്, പയ്യാകോട്,
കുരുതംകോട് പി.ഒ, കാട്ടാക്കട, തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   കാട്ടാക്കട, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   കാട്ടാക്കട, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30.03.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 04.05.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 04.05.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 05.08.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.08.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ശ്രീകാന്ത് 05.08.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 25.03.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളാണ്:

i) താങ്കളുടെ മേൽ നോട്ടത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കുന്ന ഗവൺമെന്റ് എൽ.പി.എസ് ചെമ്പനക്കോട് സ്കൂളിൽ എത്ര അധ്യാപകരും അനധ്യാപകരും ഉണ്ട്,

ii) ടി വിദ്യാലയത്തിൽ താൽക്കാലിക നിയമന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ പേരും മേൽവിലാസവും?

iii) ടി വിദ്യാലയത്തിൽ ജോലി ചെയ്യുന്ന സ്ഥിരം അധ്യാപകരുടെ പേര് വിവരം?

iv) താൽക്കാലിക അധ്യാപകർക്ക് ശമ്പളം നൽകുന്നത് സർക്കാരോ? പി.ടി.എ. ഭരണ സമിതിയോ? എന്നതുമായി ബന്ധപ്പെട്ട് 27 ഇനങ്ങളിലായുള്ള ചോദ്യങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 16.11.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 06.05.2019 ന് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നും ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ ടി കാര്യാലയത്തിൽ ലഭ്യമല്ലെന്നും ആയതിനാൽ ടി രേഖകൾ സ്കൂളിൽ നിന്നും ശേഖരിക്കാൻ മറുപടിയിൽ തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 18.01.2020 തീയതി കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് അപ്പീൽ ഹർജിക്കാരനും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും ഹജരായിരുന്നു.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ

മർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് ലഭ്യമായ എല്ലാ രേഖകളും സമയബന്ധിതമായി തന്നെ നൽകിയിട്ടുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 04-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**